**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1158** | **31-01-2024 - ൽ മറുപടിയ്ക്ക്**

**കുണ്ടറ നിയോജകമണ്ഡലത്തിലെ ഫിഷറീസ് പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. സി. വിഷ്ണുനാഥ്** | | **ശ്രീ സജി ചെറിയാൻ (മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | കുണ്ടറ മണ്ഡലത്തിൽ അനുവദിച്ചിട്ടുള്ള ഫിഷറീസ് പദ്ധതികൾ ഏതൊക്കെയെന്ന് വിശദമാക്കാമോ; | (എ) | വിശദാംശങ്ങൾ അനുബന്ധം 1 ആയി ചേർക്കുന്നു. |
| (ബി) | 2021-22, 2022-23, 2023-24 വർഷങ്ങളിൽ പ്രസ്തുത മണ്ഡലത്തിൽ അനുവദിച്ചിട്ടുള്ള പദ്ധതികൾ ഏതൊക്കെയെന്നും അനുവദിച്ചിട്ടുള്ള തുക എത്രയെന്നും പ്രത്യേകം തരംതിരിച്ച് നൽകാമോ; | (ബി) | 2021-22, 2022-23, 2023-24 വർഷങ്ങളിൽ പ്രസ്തുത മണ്ഡലത്തിൽ സുഭിക്ഷ കേരളം ജനകീയ മത്സ്യ കൃഷി ,പ്രധാന മന്ത്രി മത്സ്യ സമ്പദ യോജന (PMMSY) എന്നീ പദ്ധതികളാണ് അനുവദിച്ചിട്ടുള്ളത് .ടി പദ്ധതികൾക്കായി അനുവദിച്ചിട്ടുള്ള സബ്സിഡി തുക സംബന്ധിച്ച വിവരങ്ങൾ അനുബന്ധം- 2 ആയി ചേർക്കുന്നു |
| (സി) | പ്രസ്തുത പദ്ധതികളുടെ നിലവിലെ പ്രവർത്തനപുരോഗതി വിശദമാക്കാമോ? | (സി) | **1.<u>കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ</u>**<br><br>ആലുംമൂട് മത്സ്യമാർക്കറ്റ് നിർമ്മാണവുമായി ബന്ധപ്പെട്ടുള്ള സ്ട്രക്ചറൽ ഡിസൈൻ പ്രവർത്തികൾ പൂർത്തീകരിച്ചു വരുന്നു.<br><br>**2.<u>സാഫ്</u>**<br><br>നിലവിൽ കുണ്ടറ നിയോജക മണ്ഡലത്തിൽ 3 ഗ്രാമ പഞ്ചായത്തുകളിലായി 11 ടെയിലറിംഗ് & ഗാർമെന്റ്സ് കാറ്റഗറിയിൽ ഉൾപ്പെടുന്ന യൂണിറ്റുകളും സൂപ്പർമാർക്കറ്റ് കാറ്റഗറിയിൽ ഉൾപ്പെടുന്ന 9 യൂണിറ്റുകളും ഫിഷ്& ഫിഷ് പ്രൊസസിംഗ് കാറ്റഗറിയിൽ ഉൾപ്പെടുന്ന 2 യൂണിറ്റുകളും ഫുഡ് & ഫുഡ് പ്രൊസസിംഗ് ഉൾപ്പെടുന്ന 2 യൂണിറ്റുകളും സർവീസ് & അദേഴ്സ് എന്നീ കാറ്റഗറിയിലുമായി 3 യൂണിറ്റുകളും സാഫ് തീരമൈത്രി പദ്ധതിയുടെ ഭാഗമായി നല്ലരീതിയിൽ പ്രവർത്തിച്ചുവരുന്നു. ഇവയ്ക്കു പുറമേ കുണ്ടറ കാഞ്ഞിരകോട് അപ്പാരൽ പാർക്ക് (ന്യൂ ട്രാക്ക് സൊസൈറ്റി) പ്രവർത്തിച്ചു വരുന്നു. പെരിനാട് ഗ്രാമപഞ്ചായത്തിൽ തീരമാവേലി (കർമ്മലമാതാ), ടെയ് ലറിംഗ് യൂണിറ്റ് പ്രവർത്തിച്ചുവരുന്നു. |

| | | | |
|---|---|---|---|
| | | | **3.<u>മത്സ്യഫെഡ്</u>**<br><br>1. ദേശീയ ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ (എൻ.എം.ഡി.എഫ്.സി)-യുടെ ധനസഹായത്തോടെയുള്ള മൈക്രോഫിനാൻസ് വായ്പാ പദ്ധതി 100% തിരിച്ചടവ്<br>2. മത്സ്യത്തൊഴിലാളി വനിതകൾക്ക് മത്സ്യവിപണനത്തിനായി നൽകി വരുന്ന പലിശ രഹിത വായ്പാ പദ്ധതി 100 % തിരിച്ചടവ്<br>3. സഹകരണ സംഘങ്ങളുടെ ശാക്തീകരണ പദ്ധതി 100 % തിരിച്ചടവ്.<br><br>**4.<u>ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ്</u>**<br><br>ഇളമ്പള്ളൂർ ഗ്രാമപഞ്ചായത്തിലെ ഗുരുമന്ദിരം മുതൽ പിള്ളവീട് ഏലാ വരെയും, ഇന്തിരയപ്പൻ ക്ഷേത്രം മുതൽ അത്തിപ്പറമ്പ് കളരി റോഡിന്റെ പ്രവൃത്തി പൂർത്തീകരിച്ചു. കൊറ്റംങ്കര ഗ്രാമപഞ്ചായത്തിലെ സത്യം മെമ്മോറിയൽ ക്ലബ് മുതൽ മുട്ടപ്പിലാങ്ങയിൽ വരെയുള്ള റോഡിന്റെ പ്രവൃത്തി പൂർത്തീകരണ ഘട്ടത്തിലാണ്. |

സെക്ഷൻ ഓഫീസർ

# അനുബന്ധം -1

ജനകീയ മത്സ്യ കൃഷി പദ്ധതി, സുഭിക്ഷ കേരളം, പ്രധാന മന്ത്രി മത്സ്യ സമ്പദ യോജന (PMMSY) എന്നീ മത്സ്യ കൃഷി പ്രോത്സാഹന പദ്ധതികളും കേരള സംസ്ഥാന തീരദേശ വികസന വികസന കോർപ്പറേഷൻ, സാഫ്, മത്സ്യഫെഡ്, ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് എന്നിവ മുഖേന വിവിധ പദ്ധതികളും നടപ്പാക്കുന്നുണ്ട്.

## 1.കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ

കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന നടപ്പിലാക്കി വരുന്ന പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പദ്ധതി | അടങ്കൽ തുക (ലക്ഷത്തിൽ) | നിലവിലെ അവസ്ഥ |
|---|---|---|---|
| **2016-17** | | | |
| 1 | ഗവ. യു.പി.സ്കൂൾ, വെള്ളിമൺ, പെരിനാട്, കുണ്ടറ പുതിയ കെട്ടിടം | 227.00 | പദ്ധതി പൂർത്തീകരിച്ചു |
| 2 | ഗവ. യു.പി.സ്കൂൾ, നല്ലില, നെടുമ്പന, കുണ്ടറ - പുതിയ കെട്ടിടം | 185.00 | പദ്ധതി പൂർത്തീകരിച്ചു |
| 3 | മത്സ്യമാർക്കറ്റ് നിർമ്മാണം, കരിക്കോട് | 356.00 | പദ്ധതി പൂർത്തീകരിച്ചു |
| **2017-18** | | | |
| 1 | സി.എച്ച്.സി. നെടുമ്പന, കൊല്ലം | 410.00 | പദ്ധതി പൂർത്തീകരിച്ചു |

| | | | |
|---|---|---|---|
| | പുതിയ കെട്ടിടം | | |
| 2 | ഗവ. വെൽഫയർ എൽ.പി.സ്കൂൾ പെരിനാട്, കൊല്ലം പുതിയ കെട്ടിടം | 245.76 | പദ്ധതി പൂർത്തീകരിച്ചു |
| 3 | ഗവ.എൽ.പി. സ്കൂൾ, പടപ്പക്കര, കൊല്ലം – പുതിയ കെട്ടിടം | 228.29 | പദ്ധതി പൂർത്തീകരിച്ചു |

| | | | |
|---|---|---|---|
| **2019-20** | | | |
| 1 | ഗവ. ആയുർവേദ ആശുപത്രി, പെരിനാട്, കൊല്ലം പുതിയ കെട്ടിടം | 198.00 | പദ്ധതി പൂർത്തീകരിച്ചു |
| 2 | പി.എച്ച്.സി. കൊറ്റങ്കര, കൊല്ലം പുതിയ കെട്ടിടം | 209.00 | പദ്ധതി പൂർത്തീകരിച്ചു |
| **2020-21** | | | |
| 1 | പി.എച്ച്.സി. പേരയം, കൊല്ലം പുതിയ കെട്ടിടം | 167.98 | പദ്ധതി പൂർത്തീകരിച്ചു |
| 2 | എം.വി.ജി. എൽ.പി.എസ്. പേത്രൂർ, കൊല്ലം – പുതിയ കെട്ടിടം | 289.99 | പദ്ധതി പൂർത്തീകരിച്ചു |

**<u>കിഫ്ബി പദ്ധതികൾ</u>**

| | | | |
|---|---|---|---|
| **2019-20** | | | |
| 1 | ജി.യു.പി.എസ്, പഴങ്ങാലം, കൊല്ലം പുതിയ കെട്ടിടം | 51.36 | പദ്ധതി പൂർത്തീകരിച്ചു |
| 2 | ജി.യു.പി.എസ്. ഇളമ്പല്ലൂർ, കൊല്ലം | 186.59 | പദ്ധതി പൂർത്തീകരിച്ചു |

| | | | |
|---|---|---|---|
| | പുതിയ കെട്ടിടം | | |
| 3 | ജി.എച്ച്.എസ്. കേരളപുരം, കൊല്ലം<br>പുതിയ കെട്ടിടം | 210.92 | റിവിഷൻ ഫയൽ കിഫ്ബിയിൽ അംഗീകാരത്തിനായി സമർപ്പിച്ചിരിക്കുന്നു. |
| 2022-23 | | | |
| 1 | ആല്ലംമൂട് മത്സ്യമാർക്കറ്റ് വികസനം | 148.89 | മാർക്കറ്റ് സ്ട്രക്ച്ചറൽ അനലൈസിസ് പൂർത്തീകരിച്ചു വരുന്നു |

**2. സാഫ്**

സൊസൈറ്റി ഫോർ അസിസ്റ്റൻസ് ടു ഫിഷർ വിമൺ (സാഫ്) മുഖേന കുണ്ടറ മണ്ഡലത്തിൽ അഷ്ടമുടി ഒന്നാംഘട്ടം, അഷ്ടമുടി രണ്ടാംഘട്ടം അപ്പാരൽ പാർക്ക്, തീരമൈത്രി ചെറുകിട തൊഴിൽ സംരംഭങ്ങളുടെ വികസനം പദ്ധതികൾ നടപ്പിലാക്കി.

**3. മത്സ്യഫെഡ്**

മത്സ്യഫെഡ് മുഖേന നടപ്പിലാക്കി വരുന്ന പദ്ധതികളുടെ വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

കുണ്ടറ മണ്ഡലത്തിൽ കരിക്കോട് ഒരു ഫിഷ്മാർട്ട് സർക്കാർ ഭരണാനുമതിയോടുകൂടി 10 ലക്ഷം രൂപ അടങ്കൽ തുകയ്ക്ക് 12/12/2019-ന് പ്രവർത്തനം ആരംഭിച്ചെങ്കിലും ഇപ്പോൾ പ്രവർത്തനക്ഷമമല്ല. എന്നാൽ ഒരു അന്തിപച്ച 22/12/2022 മുതൽ ഈ പ്രദേശത്ത് പ്രവർത്തിക്കുന്നുണ്ട്.

മണ്ഡലത്തിൽ നടപ്പിലാക്കിയ മറ്റ് പദ്ധതികൾ ചുവടെ ചേർക്കുന്നു.

3.1. **ദേശീയ പിന്നോക്ക വിഭാഗ ധനകാര്യ വികസന കോർപ്പറേഷൻ (എൻ.ബി.സി.എഫ്.ഡി.സി)/ ദേശീയ ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ (എൻ.എം.ഡി.എഫ്.സി) എന്നീ ദേശീയ ധനകാര്യ സ്ഥാപനങ്ങളുടെ ധനസഹായത്തോടുകൂടിയുള്ള വായ്പ പദ്ധതികൾ**

**(എ) <u>മൈക്രോഫിനാൻസ് വായ്പ</u>**

പ്രാഥമിക മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങളുടെ കീഴിൽ രൂപീകരിക്കപ്പെട്ടിട്ടുള്ള സ്വയം സഹായ സംഘങ്ങൾക്ക് എൻ.ബി.സി.എഫ്.ഡി.സി-യുടെയും എൻ.എം.ഡി.എഫ്.സി.-യുടെയും ധനസഹായത്തോടെ മൈക്രോഫിനാൻസ് വായ്പകൾ വിതരണം ചെയ്തു വരുന്നു. ഒരാൾക്ക് പരമാവധി 60,000/- രൂപ വരെ 5% പലിശനിരക്കിൽ 2 വർഷത്തെ തിരിച്ചടവ് കാലാവധിയിയിലാണ് വായ്പ അനുവദിക്കുന്നത്.

**(ബി) <u>മത്സ്യത്തൊഴിലാളി വനിതകൾക്ക് മത്സ്യവിപണനത്തിന് പലിശ രഹിത വായ്പാ പദ്ധതി</u>**

മത്സ്യ വിപണനത്തിലേർപ്പെട്ടിരിക്കുന്ന വനിതകൾക്ക് പലിശ രഹിത വായ്പ വിവിധ ഘട്ടങ്ങളിലായി വിതരണം ചെയ്തു വരുന്നു. ആദ്യവായ്പ 10000/- രൂപ ഒരു വർഷകാലാവധിയിൽ തിരിച്ചടയ്ക്കുന്ന ഗുണഭോക്താക്കൾക്ക് തുടർവായ്പയായി 20000/- രൂപ എന്നിങ്ങനെ വിതരണം ചെയ്യുന്നു. പലിശ രഹിത വായ്പ വിതരണത്തിനാവശ്യമായ വായ്പ തുക മത്സ്യഫെഡ് എൻ.ബി.സി.എഫ്.ഡി.സി, എൻ.എം.ഡി.എഫ്.സി എന്നീ സ്ഥാപനങ്ങളിൽ നിന്നും വായ്പയായി ലഭ്യമാക്കുന്നു. വായ്പയുടെ പലിശ തുക സംസ്ഥാന സർക്കാർ മത്സ്യഫെഡിന് അനുവദിച്ചു നൽകുന്നു. പ്രാഥമിക മത്സ്യത്തൊഴിലാളി സംഘങ്ങൾ വഴിയാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്.

**3.2. <u>സഹകരണ സംഘങ്ങളുടെ ശാക്തീകരണ പദ്ധതി</u>**

ഭരണ സമിതിയുള്ളതും പ്രവർത്തനക്ഷമത കുറഞ്ഞതുമായ സംഘങ്ങൾക്ക് വരുമാനം ഉറപ്പാക്കുന്നതിന് ഉതകുന്ന പദ്ധതികൾ നടപ്പിലാക്കുന്നതിന് വേണ്ടി രൂപീകരിച്ച പ്രത്യേക ശാക്തീകരണ പദ്ധതിയാണിത് . മത്സ്യഫെഡിന്റെ തനത് ഫണ്ടിൽ നിന്നും വായ്പ നൽകിയാണ് പദ്ധതി നടപ്പിലാക്കുന്നത്.

**4.<u>ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ്</u>**

തീരദേശ റോഡുകളുടെ നവീകരണം, എം.എൽ.എ യുടെ ആസ്തി വികസന ഫണ്ട് എന്നീ പദ്ധതികളാണ് കുണ്ടറ നിയോജകമണ്ഡലത്തിൽ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മുഖേന നടപ്പാക്കുന്ന പദ്ധതികൾ.

-

**അനുബന്ധം-2**

2021-22 വർഷം അനുവദിച്ച ധനസഹായ തുക

| ക്രമ നമ്പർ | പദ്ധതി | തുക (രൂപയിൽ ) |
|---|---|---|
| 1 | സുഭിക്ഷ കേരളം ജനകീയ മത്സ്യ കൃഷി | 28,57,194 |
| 2 | പ്രധാന മന്ത്രി മത്സ്യ സമ്പദ യോജന ( PMMSY) | 9,77,956 |
| | ആകെ | 38,35,150 |

2022-23 വർഷം അനുവദിച്ച ധനസഹായ തുക

| ക്രമ നമ്പർ | പദ്ധതി | തുക (രൂപയിൽ ) |
|---|---|---|
| 1 | സുഭിക്ഷ കേരളം ജനകീയ മത്സ്യ കൃഷി | 17,59,505 |
| 2 | പ്രധാന മന്ത്രി മത്സ്യ സമ്പദ യോജന ( PMMSY) | - |
| | ആകെ | 17,59,505 |

2023-24 വർഷം അനുവദിച്ച ധനസഹായ തുക

| ക്രമ നമ്പർ | പദ്ധതി | തുക (രൂപയിൽ ) |
|---|---|---|
| 1 | സുഭിക്ഷ കേരളം ജനകീയ മത്സ്യ കൃഷി | - |
| 2 | പ്രധാന മന്ത്രി മത്സ്യ സമ്പദ യോജന (PMMSY) | 62,400 |
| | ആകെ | 62,400 |

## 1. കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ

2021-22, 2023-24-ൽ തീരദേശ വികസന കോർപ്പറേഷൻ മുഖേന പദ്ധതികളൊന്നും കുണ്ടറ മണ്ഡലത്തിൽ നടപ്പിലാക്കിയിട്ടില്ല

| ക്രമ നമ്പർ | പദ്ധതി | അടങ്കൽ തുക (ലക്ഷത്തിൽ) | നിലവിലെ അവസ്ഥ |
|---|---|---|---|
| **2022-23** | | | |
| 1 | ആലുംമൂട് മത്സ്യമാർക്കറ്റ് വികസനം, കിഫ്ബി | 148.89 | മാർക്കറ്റ് സ്ട്രക്ച്ചറൽ അനലൈസിസ് പൂർത്തീകരിച്ചു വരുന്നു |

## 2.സാഫ്

### 2.1.ചെറുകിട തൊഴിൽ സംരംഭങ്ങളുടെ വികസനം

2 മുതൽ 5 വരെ മത്സ്യത്തൊഴിലാളി വനിതകൾ അടങ്ങുന്ന ചെറുകിട തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് ഒരംഗത്തിന് ഒരു ലക്ഷം രൂപ (ഒരു യൂണിറ്റിന് പരമാവധി 5 ലക്ഷം രൂപ) വരെ ഗ്രാന്റ് അനുവദിച്ചു. പദ്ധതി തുകയുടെ 75 ശതമാനം ഗ്രാന്റും 20 ശതമാനം ബാങ്ക് ലോണും 5 ശതമാനം ഗുണഭോക്തൃ വിഹിതവുമാണ്. സംരംഭം ആരംഭിക്കുന്നതിനായി രണ്ട് ഘട്ടങ്ങളിലായാണ് ഗ്രാന്റ് അനുവദിച്ചത്. സ്ഥിരാസ്തികൾ വാങ്ങുന്നതിന് ഒന്നാംഗഡു ധനസഹായവും പ്രവർത്തന മൂലധനമായി രണ്ടാംഗഡു ധനസഹായവും അനുവദിച്ചു.

കുണ്ടറ (2021-22)

| ക്രമ നം | യൂണിറ്റിന്റെ തരം | ഗ്രൂപ്പുകളുടെ എണ്ണം | ആകെ അംഗങ്ങളുടെ എണ്ണം | തുക (രൂപയിൽ ) |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 1 | ടെയിലറിംഗ് ഗാർ മെന്റ്സ് | 1 | 2 | 2,00,000/- |
| 2 | ഫിഷ്& ഫിഷ് പ്രൊസസിംഗ് | 2 | 4 | 4,00,000/- |
| 3 | പ്രൊവിഷൻ സ്റ്റോർ | 3 | 7 | 7,00,000/- |
| 4 | കമ്പ്യൂട്ടർ സെന്റർ | 2 | 4 | 4,00,000/- |
| 5 | ബ്യൂട്ടിപാർലർ | 1 | 2 | 2,00,000/- |
| 6 | ഫ്ളോർമിൽ | 1 | 3 | 3,00,000/- |
| | ആകെ | 10 | 22 | 22,00,000/- |

<u>റിവോൾവിംഗ് ഫണ്ട്, കുണ്ടറ 2021-22</u>

| ക്രമ നം. | യൂണിറ്റിന്റെ തരം | ഗ്രൂപ്പുകളുടെ എണ്ണം | ആകെ അംഗങ്ങളുടെ എണ്ണം | തുക |
|---|---|---|---|---|
| 1 | ടെയിലറിംഗ് ഗാർമെന്റ്സ് | 5 | 11 | 1,60,000/- |
| 2 | പ്രൊവിഷൻ സ്റ്റോർ | 2 | 4 | 50,000/- |
| 3 | തീരമാവേലി | 1 | 2 | 40,000/- |
| | ആകെ | 8 | 17 | 2,50,000/- |

ടെക്നോളജി അപ്ഗ്രഡേഷൻ, കുണ്ടറ (2021-22)

| ക്രമ നം. | യൂണിറ്റിന്റെ തരം | ഗ്രൂപ്പുകളുടെ എണ്ണം | ആകെ അംഗങ്ങളുടെ എണ്ണം | തുക |
|---|---|---|---|---|
| 1 | ടെയിലറിംഗ് ഗാർമെന്റ്സ് | 1 | 2 | 25,000/- |
| 2 | തീരമാവേലി | 1 | 2 | 15,760/- |
| | ആകെ | 2 | 4 | 40760/- |

ഗ്രാജുവേറ്റിംഗ് ആക്ടിവിറ്റി ഗ്രൂപ്പ്സ് ടു ബിസിനസ്സ് ഗ്രൂപ്പ്സ് (GAGB) കുണ്ടറ (2021-22)

| ക്രമ നം. | യൂണിറ്റിന്റെ തരം | ഗ്രൂപ്പുകളുടെ എണ്ണം | ആകെ അംഗങ്ങളുടെ എണ്ണം | തുക |
|---|---|---|---|---|
| 1 | ടെയിലറിംഗ് ഗാർ മെന്റ്സ് | 3 | 6 | 13,557/- |
| 2 | പ്രൊവിഷൻ സ്റ്റോർ | 3 | 6 | 7,246/- |
| 3 | തീരമാവേലി | 1 | 2 | 1,495/- |
| | ആകെ | 7 | 14 | 22,298/- |

തീരമൈത്രി ഡിഎംഇ പദ്ധതി, കുണ്ടറ (2022-23)

| ക്രമ നം. | യൂണിറ്റിന്റെ തരം | ഗ്രൂപ്പുകളുടെ എണ്ണം | ആകെ അംഗങ്ങളുടെ എണ്ണം | റിമാർക്ക്സ് |
|---|---|---|---|---|
| 1 | ടെയിലറിംഗ് ഗാർമെന്റ്സ് | 1 | 2 | ഒന്നാംഗഡു ധനസഹായം |

| | | | | |
|---|---|---|---|---|
| 2 | സോഡമേക്കിംഗ് | 1 | 2 | അനുവദിക്കുന്നതിനായി ചെക്ക് ട്രഷറിയിൽ സമർപ്പിച്ചിട്ടുണ്ട്. |
| 3 | ഫിഷ്സ്റ്റാൾ | 1 | 2 | |
| ആകെ | | 3 | 6 | |

<u>ടെക്നോളജി അപ്ഗ്രഡേഷൻ, കുണ്ടറ (2022-23)</u>

| ക്രമ നം. | യൂണിറ്റിന്റെ തരം | ഗ്രൂപ്പുകളുടെ എണ്ണം | ആകെ അംഗങ്ങളുടെ എണ്ണം | തുക |
|---|---|---|---|---|
| 1 | ടെയിലറിംഗ് ഗാർമെന്റ്സ് | 1 | 2 | 29,325/- |
| 2 | പ്രൊവിഷൻ സ്റ്റോർ | 1 | 2 | 30,338/- |
| | ആകെ | 2 | 4 | 59,663/- |

<u>റിവോൾവിംഗ് ഫണ്ട്, കുണ്ടറ 2022-23</u>

| ക്രമ നം. | യൂണിറ്റിന്റെ തരം | ഗ്രൂപ്പുകളുടെ എണ്ണം | ആകെ അംഗങ്ങളുടെ എണ്ണം | തുക |
|---|---|---|---|---|
| 1 | ടെയിലറിംഗ് ഗാർമെന്റ്സ് | 5 | 11 | 2,75,000/- |
| 2 | ഫിഷ് പ്രോസസ്സിംഗ് | 2 | 4 | 50,000/- |
| 3 | പ്രൊവിഷൻ സ്റ്റോർ | 1 | 2 | 25,000/- |
| 4 | കാറ്ററിംഗ് | 1 | 2 | 50,000/- |
| | ആകെ | 9 | 19 | 4,00,000/- |

2023-24 സാമ്പത്തിക വർഷത്തിൽ ചെറുകിട തൊഴിൽ സംരംഭങ്ങൾ, ജെഎൽജി എന്നീ പദ്ധതികൾ ആരംഭിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

റിവോൾവിംഗ് ഫണ്ട്, കുണ്ടറ 2023-24

| ക്രമ നം. | യൂണിറ്റിന്റെ തരം | ഗ്രൂപ്പുകളുടെ എണ്ണം | ആകെ അംഗങ്ങളുടെ എണ്ണം | തുക |
|---|---|---|---|---|
| 1 | ടെയിലറിംഗ് ഗാർമെന്റ്സ് | 12 | 48 | 7,04,994/- |

**3.മത്സ്യഫെഡ്**

2021-22, 2022-23, 2023-24 വർഷങ്ങളിൽ മത്സ്യഫെഡ് പ്രസ്തുത മണ്ഡലത്തിൽ അനുവദിച്ചിട്ടുള്ള പദ്ധതികളും അനുവദിച്ച തുകയുടെയും വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | | അനുവദിച്ച തുക (ലക്ഷത്തിൽ) | | |
|---|---|---|---|---|
| ക്രമ നം. | പദ്ധതിയുടെ പേര് | 2021-22 | 2022-23 | 2023-24 |
| 1 | എൻ.ബി.സി.എഫ്.ഡി.സി/ എൻ.എം.ഡി.എഫ്.സി ധനസഹയാത്തോടുകൂടിയുള്ള മൈക്രോഫിനാൻസ് | - | 9.00 | - |
| 2 | മത്സ്യത്തൊഴിലാളി വനിതകൾക്ക് മത്സ്യവിപണനത്തിനായുള്ള പലിശ രഹിത വായ്പാ പദ്ധതി | - | 3.50 | - |
| 3 | സഹകരണ സംഘങ്ങളുടെ ശാക്തീകരണ പദ്ധതി | - | 2.00 | - |

**4.<u>ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ്</u>**

2021-22 കാലഘട്ടത്തിൽ ഭരണാനുമതികൾ ഒന്നും തന്നെ ലഭിച്ചിട്ടില്ല. 2022-23 കാലഘട്ടത്തിൽ തീരദേശ റോഡുകളുടെ നവീകരണത്തിനായി 50 ലക്ഷം രൂപയുടെ ഭരണാനുമതി കുണ്ടറ നിയോജക മണ്ഡലത്തിലെ ഇളമ്പള്ളൂർ ഗ്രാമപഞ്ചായത്തിലെ ഗുരുമന്ദിരം മുതൽ പിള്ളവീട് ഏലാ വരെയും, ഇന്തിരയപ്പൻ ക്ഷേത്രം മുതൽ അത്തിപ്പറമ്പ് കളരി റോഡിന് ലഭിച്ചിട്ടുണ്ട്.

2023-24 കാലഘട്ടത്തിൽ 50 ലക്ഷം രൂപയുടെ ഭരണാനുമതി കൊറ്റംങ്കര ഗ്രാമപഞ്ചായത്തിലെ സത്യം മെമ്മോറിയൽ ക്ലബ് മുതൽ മുട്ടപ്പിലാങ്ങയിൽ വരെയുള്ള റോഡിന് എം.എൽ.എ യുടെ ആസ്തി വികസന ഫണ്ടിൽ നിന്നും ലഭിച്ചിട്ടുണ്ട്.